# മറു

Digital Magazine



little KITEs
PTMHSS
KODIYATHUR

# താളുകളിൽ


*1.ലിറ്റിൽ കൈറ്റ്*
*2.അമ്മ മലയാളം*
*3.ഏകാന്തത*
*4.മാ റ്റൊ ലി*
*5.ഹൃദയ രഹസ്യം*
*6.നിത്യ നിശബ്ദത*
*7.താമര*
*8.മോഹൻദാസ് കരംചന്ദ് ഗാന്ധി*
*9.ആത്മരഹസ്യം*
*10.ഉയരത്തിലേക്ക്*
*11.പുസ്തകം വായിക്കുന്നതിന്റെ പ്രാധാന്യം*
*12.സമാധാനം*
*13.അവൻ എന്നെ മരണത്തിൽ നിന്ന് രക്ഷിച്ചു*
*14.ഉണ്ണി*
*15.ഞാൻ*
*16.ഗാന്ധിജി തെളിയിച്ച വഴി*
*17.ഓർമതൻ ചെപ്പിൽ*
*18.നിലാവ്*
*19.പ്രളയം തന്ന പാഠം*
*20.നിൻ മുഖം*
*21.മഴ*
*22.യാത്രചെയ്തിരുന്നില്ലബാല്യം*
*23.ചങ്ങലയിൽ*
*24.ഞാവിദ്യാലയം*
*25.അമ്മ*
*26.താണ്ഡവമാടുന്ന ഭൂമിന്നു*
*27.അമ്മ*
*28.സൽകർമ്മങ്ങൾ*
*29.ചെയ്യാൻ മനസ്സില്ലാത്തങ്ങി കൈ*
*30.ഇന്ത്യയിലെ  കൗതുകങ്ങൾ*
*31.മാറ്റിടാം*

# ലിറ്റിൽ കൈറ്റ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുകയും, ഡിജിറ്റൽ പഠന വിഭവങ്ങൾ ഉൾപ്പെടുത്തി സമഗ്ര പോർട്ടൽ തയ്യാറാക്കുകയും പഠനബോധന പ്രവർത്തനങ്ങളിൽ ഇവയുടെ ഉപയോഗവും, വിനിയോഗവും സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സ്കൂളുകൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു മുൻപ് കൈറ്റിന്റെ പ്രതിനിധിയും സ്കൂൾ അധികൃതരും കക്ഷികളായ ധാരണാപത്രത്തിലെ ആറാം ഇനത്തിലെ വ്യവസ്ഥ പ്രകാരം ഉപകരണങ്ങളുടേയും, സേവനങ്ങളുടേയും, സൗകര്യങ്ങളുടേയും ഉപയോഗം കൈറ്റിന്റേയും, വിദ്യാഭ്യാസ ഓഫീസർമാരുടേയും പരിശോധനയ്ക്കും, ഓഡിറ്റിംങിനും വിധേയമാക്കുന്നതാണ്. എല്ലാ വർഷവും ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ഓഡിറ്റ് നടത്താൻ കൈറ്റിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2019-20 വർഷത്തെ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ അടിയന്തിരമായി ശ്രദ്ധിക്കേണ്ടതാണ്.

1. രണ്ട് ഘട്ടങ്ങളിലൂടെ ഐ.റ്റി ഇൻഫ്രാസ്ട്രക്ച്ചർ ഓഡിറ്റ് പൂർത്തിയാക്കും.

2. ആദ്യ ഘട്ട വിവരശേഖരണം 2019 ഡിസംബർ 20 മുതൽ 2020 ജനുവരി 6 വരെ തീയതികളിൽ നടത്തും. മുഴുവൻ ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയും മുഴുവൻ അദ്ധ്യാപകരും, പ്രഥമാദ്ധ്യാപകരും ഓൺലൈനായി വിവരശേഖരണ വിരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. സമഗ്രയിൽ ലോഗിൻ ചെയ്യുമ്പോൾ ലഭിക്കുന്ന IT Survey & Audit എന്ന ലിങ്കിലൂടെ എല്ലാവർക്കും വിവരങ്ങൾ ഉൾപ്പെടുത്താൻ കഴിയും. അദ്ധ്യാപകർക്കും, പ്രഥമാദ്ധ്യാപകർക്കും വ്യത്യസ്തമായ ചോദ്യാവലികളാണ് ഉണ്ടാവുക. ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ട ഉത്തരവാദിത്വം പ്രഥമാദ്ധ്യാപകർക്കാണ്.

3. രണ്ടാം ഘട്ട ഓഡിറ്റിംങ് 2020 ജനുവരി 8 മുതൽ 2020 ജനുവരി 30 വരെ തീയതികളിൽ നടത്തും. സ്കൂളുകളിൽ നിന്ന് രേഖപ്പെടുത്തിയ വിവരങ്ങളുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് മാസ്റ്റർ ട്രയിനർമാർ സ്കൂളുകൾ സന്ദർശിക്കുന്നതാണ്. ഈ സമയത്ത് തെരഞ്ഞെടുത്ത 10 കുട്ടികളിൽ നിന്ന് ചോദ്യാവലിയിലൂടെ തത്സമയ വിവരശേഖരണം നടത്തുന്നതാണ്.

4. സന്ദർശന ഷെഡ്യൂൾ സ്കൂളുകളെ മുൻകൂട്ടി അറിയിക്കുന്നതാണ്. സ്കൂളുകൾ സ്കൂൾപ്രവർത്തനത്തെ ബാധിക്കാത്ത വിധം ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

5. മാസ്റ്റർ ട്രയിനർമാർ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ ജില്ലാ കോർഡിനേറ്റർ വിലയിരുത്തുന്നതും ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും, വിദ്യാഭ്യാസ വകുപ്പിനും തുടർ നടപടികൾക്കായി സമർപ്പിക്കുന്നതുമാണ്.



# അമ്മ മലയാളം

കാവ്യക്കരുക്കളിൽ താരാട്ടുപാട്ടിന്റെ ഈണച്ചതി-
ച്ചേതിച്ചേലറിഞ്ഞു ചിരിച്ചോരാൾ
ഞെട്ടിത്തെറിച്ചു
തകർന്നു ചോദിക്കുന്നു വിറ്റുവോ നീ
എന്റെ ജീവിത ഭാഷയെ
ഓലയും നാരായവും കാഞ്ഞിരത്തിന്റെ
ചോലയിൽ വച്ചു നമിച്ചു
തിരിഞ്ഞൊരാൾ ആദിത്യനേത്രം
തുറന്നു ചോദിക്കുന്നു ഏതു കടലിൽ
എറിഞ്ഞു നീ ഭാഷയെ




ചിഞ്ചിലം നിന്ന് ചിലങ്കകളൂരിട്ട് നെഞ്ചത്തു
കൈവച്ചു ചോദിക്കയാണൊരാൾ ചുട്ടുവോ
നീ എന്റെ കേരളഭാഷയെ. വീണപൂവിന്റെ
ശിരസ്സ് ചോദിക്കുന്നു. പ്രേമസംഗീത തപസ്സ്
ചോദിക്കുന്നു ചിത്രയോഗത്തിൽ നഭസ്സ്
ചോദിക്കുന്നു. മണിനാദമാർന്ന മനസ്സ്
ചോദിക്കുന്നു പാട്ടും പിശാച് ശപിച്ചു
ചോദിക്കുന്നു കളിയച്ഛനെയ്ത്ത കിനാവ്
ചോദിക്കുന്നു. കാവിലെ പാട്ടിൽ കരുത്ത്
ചോദിക്കുന്നു പിത്തരി ചുണ്ടായായ് ഗോവാന്ദ
ചിന്തകൾ പുസ്തകം വിട്ട് തഴച്ചു

ശ്രീഷ്മ .കെ.പി
9.c

# ഏകാന്തത

വിഷാദം എന്റെ തലയിലൂടെ ഒഴുകുന്നു
ആ ചിന്തകൾ എന്നെ മരണത്തെക്കുറിച്ച് ചിന്തിപ്പിക്കുന്നു
എന്റെ മനസ്സിനെ ശൂന്യമാക്കുന്ന ഒരു ഇരുട്ട്
ശ്മശാനത്തിലൂടെയുള്ള ഒരു നടത്തം എനിക്ക് എന്ത്
കണ്ടെത്താനാകും
രാത്രികളുടെ ഇരുട്ടിൽ ഒരുപാട് കണ്ണുനീർ ഒഴുകുന്നു
സ്വകാര്യ ചിന്തകളിൽ മറഞ്ഞിരിക്കുന്നു
പ്രഭാതത്തിലെ ആദ്യ വെളിച്ചത്തിൽ മാത്രം സൂക്ഷിക്കുക
വേദനയെക്കുറിച്ച് സംസാരിക്കാൻ ധൈര്യമില്ലാത്തതിനാൽ
നമ്മുടെ ജീവിതത്തിന്റെ ഈ ഭാഗം അതേപടി തുടരുന്നു
ഇപ്പോൾ ആകാശം ഇരുണ്ടതാണ്
ദിവസങ്ങൾ ചാരനിറമാണ്
കാരണം അവർക്ക് സ്നേഹമില്ല
എന്റെ വഴി പ്രകാശിപ്പിക്കാൻ .......



ഫാത്തിമ ശിഫ കെ

IX O



# മാ റ്റൊ ലി

തിരിച്ചു കിട്ടാത്ത
പലതുമുണ്ടെന്നോർനിക്കാൻ
നിന്റെസായാഹനം
പൂർണ്ണ സ്വാതന്ത്ര്യത്തോടെ
എന്നെ എപ്പോഴും
വേദനിപ്പാച്ചു കൊണ്ടിരിക്കുന്നു

sharfan km 9B



# അങ്കത്തട്ടിൽ

കുയിലേനീ കൂവുന്നതാർക്കുലേ ണ്ടി
കൂട്ടു തെതറ്റിയ,ലേക്കൂട്ടം തെതറ്റിയലേതാ
ഇണക്കിളിതെയ◌ിളീക്കുന്നലേതാ
കാട്ടാളതെ  കഥയാ  ർത്തിക്കുന്നലേതാ
കാഞ്ചനസീതയുതെ% ഗതിലേക%◌ിൽ
രാ   ണഹൃദയം കാമുകതെന മാറ്റിയ.ലേതാ

കുയിൽനാദത്തിതെ   ◌ിളിയും സങ്ക%വും
മനുഷ്യ മനസ്സുകൾക്ക് പ ്രൂപം, പതെ4
ഒടുക്ക ◌ാനുള്ള പിശാചായി മാറാൻ
ആയുധവും ഇന്ധനവുമില്ലാ.തെത
◌ാളും  ◌ിയും% ർത്തമാനവും പണവും
മനുഷ്യ ലേ@ഹത്തിതെ  അങ്കത്തട്ടിൽ



# ഹൃദയ രഹസ്യം

നിന്നോട് പറയാനിരുന്നൊരെന്
ഹൃദയ രഹസ്യങ്ങളത്ത്രയു
പൃഴയൊഴുക്കിനോളങ്ങളായി
ദൂരെക്കകന്നു പോയ് സഖി

മനസ്സിനെ കടക്കോലാക്കിയവയെ
കടഞ്ഞെടുക്കാനായി പാഴ്ശ്രമം
ചെയ്യുന്നേരം എനിക്കാരോ നീട്ടി
ക്കായ്ക്കും സ്വാർത്തത്തിൽ
ചായക്കോപ്പ

സൗഹൃദങ്ങളത്ത്രയുമിന്നു
യാന്ത്രിക ബിംബങ്ങലൾ
വെറും മുഖങ്ങളായ്
മുഖം മൂടികളായി ചുറ്റും
അട്ടഹസിക്കുന്നു

**shadil t 9 A**





# നിത്യ നിശബ്ദത

ജീവിതം മനോഹരവും മധുരവുമായിരുന്നു
അനായാസം പറക്കുന്നതുപോലെ
എന്റെ കുട്ടിക്കാലത്ത്
എന്റെ ജീവിതം തകർന്നപ്പോൾ
വളരെ വേദനയോടെ ഞാൻ അത് മനസ്സിലാക്കി
മരണം ഒരു ദിവസം എന്നെ നിശബ്ദരാക്കും
ജീവിതം എന്നെ മറ്റെന്തെങ്കിലും പഠിപ്പിച്ചു
മരണത്തേക്കാൾ മോശമായ കാര്യങ്ങളുണ്ടെന്ന്
അതിനാൽ, ഞാൻ ഈ യാത്രയുമായി മുന്നോട്ട് പോകും
കണ്ടെത്താനും പൂർണ്ണമായി പൂരിപ്പിക്കാനും, എന്റെ
ജീവിതത്തിന്റെ ലക്ഷ്യം
മരണം ഒരു കാരണവുമില്ല
നിങ്ങൾ ഭയപ്പെടാൻ
അതു വരുമ്പോൾ വരട്ടെ;
നീങ്ങുക.........

സാനിയ മോൾ ഇ
IX O



# താമര

താമരപ്പൂപോലൊരു ജീവിതം ഇന്നെനിക്കു
വിടർന്നു നിൽക്കുന്നോരെൻ ഭംഗിമാത്രം
ആസ്വദിക്കുന്നു.....ലോകമത്രയും കൺമുന്നിൽ
വാടികഴിഞ്ഞാൽ തിരിഞ്ഞു നോക്കില്ല
ഒരാൾപോലും...................

ഞാൻ ഇ-ര്രൂപത്തിൽ എത്തുവാൻപ്പെട്ട
വേദനകൾ എനിക്ക് മാത്രം സ്വന്തം...
എൻ മനസ്സിനെ നനയിക്കാനായി
ദളങ്ങളിൽ മഴത്തുളികൾ വീണിടുമ്പോൾ
അതിലൊന്നും മുറിവേല്ക്കാതെ
ഞാനും ചിരിളുകി നിൽക്കുന്നു

BY RISHAL

# മോഹൻദാസ് കരംചന്ദ് ഗാന്ധി

2 ഒക്ടോബർ 1869

ജനനം

പോർബന്തർ , Kathiawar Agency, ബ്രിട്ടീഷ് രാജ് [1]

(ഇപ്പൊൾ ഗുജറാത്തിൽ)

മരണം

മരണകാരണം

ശവകുടീരം

മറ്റ് പേരുകൾ

30 ജനുവരി 1948 (പ്രായം 78)

ന്യൂ ഡെൽഹി , ഡെൽഹി, India

രാഷ്ട്രീയ കൊല v

രാജ് ഘട്ട് ,ചിതാ ഭസ്മം ഭാരതത്തിലെ നാനാ നദികളിൽ ഒഴുക്കി.

മഹത്മാ , ഗാന്ധിജി , ബാപ്പു ,മഹത്മാ ഗാന്ധി

വിദ്യാഭ്യാസം

barrister-at-law

Alfred High School, Rajkot,

പഠിച്ച സ്ഥാപനങ്ങൾ Samaldas College, Bhavnagar,

University College, London

ഇന്ത്യയുടെ സ്വാതന്ത്ര്യസമരം

പ്രശസ്തി

സത്യാഗ്രഹം , അഹിംസ

പ്രസ്ഥാനം

ഇന്ത്യൻ നാഷണൽ കോൺഗ്രസ്

ജീവിത പങ്കാളി(കൾ) കസ്തൂർബാ ഗാന്ധി

കുട്ടി(കൾ)

മാതാപിതാക്കൾ

ഹരിലാൽ

മണിലാൽ ഗാന്ധി

രാംദാസ് ഗാന്ധി

ദേവ്ദാസ് ഗാന്ധി

• Karamchand Gandhi (father)

• Putlibai Gandhi (mother)

മോഹൻദാസ് കരംചന്ദ് ഗാന്ധി (ഗുജറാത്തി: મોહનદાસ કરમચંદ ગાંધી, ഹിന്ദി: मोहनदास करमचंद गांधी)

അഥവാ മഹാത്മാ ഗാന്ധി (1869 ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര

പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് അദ്ദേഹം

വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും

ഗാന്ധി ശ്രദ്ധേയനായി. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ , അച്ഛൻ എന്നർത്ഥംവരുന്ന

ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു.

കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.1935-ലെ ഇന്ത്യാ ഗവണ്മെൻറ് ആക്ട് 1937 ഏപ്രിൽ 1-ന് നിലവിൽ വന്നു. അതിനെതിരായി കോൺഗ്രസ്

ഹർത്താൽ ആചരിച്ചു. വൈസ്രോയി, ഗാന്ധിയുമായി ചർച്ച നടത്തിയെങ്കിലും പരാജയപ്പെട്ടു. ഒക്ടോബർ 22,

23 തിയ്യതികളിൽ വാർധയിൽ ചേർന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യാ സമരം 1942

ഇടക്കാല സർക്കാർ അനുവദിക്കുന്നില്ല എങ്കിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ 1940 മാർച്ച് 18 ന്

ബിഹാറിലെ രാംഗഢിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനം തീരുമാനിക്കുകയും അതിന്റെ നേതൃത്വം

ഗാന്ധിജിയെ ഏൽപ്പിക്കുകയും ചെയ്തു. ഇതിനിടെ കോൺഗ്രസ് നിർബ്ബന്ധപൂർവം ഗാന്ധിജിയെ തിരികെ

കൊണ്ടു വന്നിരുന്നു. ഇന്ത്യാക്കാരുടെ സമ്മതമില്ലാതെ ഇന്ത്യയെ രണ്ടാം ലോകമഹായുദ്ധത്തിൽ

പങ്കാളിയാക്കിയതിൽ പ്രതീകാത്മകമായി പ്രതിഷേധിക്കാൻ അദ്ദേഹം വ്യക്തിതമായി തീരുമാനിച്ചു. 1942

മാർച്ചിൽ സർ സ്റ്റഫോർഡ് ക്രിപ്സ് ഇന്ത്യയിലെത്തുകയും ഗാന്ധിജിയുമായി ചർച്ച നടത്തുകയും ചെയ്തു. അതേ

തുടർന്ന് ഇന്ത്യക്ക് ഡൊമീനിയൻ പദവി വാഗ്ദാനം ചെയ്യപ്പെട്ടു. എന്നാൽ പൂർണ്ണ സ്വരാജായിരുന്നു

മിക്കവർക്കും വേണ്ടിയിരുന്നത്. അതിൽ കുറഞ്ഞതൊന്നുകൊണ്ടും അവർ

തൃപ്തരാകുമായിരുന്നില്ല. ഗാന്ധിജി

ഒന്നുകിൽ പ്രവർത്തിക്കുക, അല്ലെങ്കിൽ മരിക്കുക എന്നത് . ഗാന്ധിജിയുടെ ഈ ആശയം മറ്റുള്ളവർ

സ്വീകരിച്ചെങ്കിലും കമ്യൂണിസ്റ്റുകാർ എതിർത്തു. തീരുമാനം അനുസരിച്ച് പ്രക്ഷോഭം ആരംഭിച്ചതിനെത്തുടർന്ന്

പലയിടങ്ങളിലും ജനങ്ങളും പോലീസും ഏറ്റുമുട്ടി. ഓഗസ്റ്റ് 9-ന് ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് പൂനെയിലെ ആഗ

ഖാൻ കൊട്ടാരത്തിൽ തടവിൽ പാർപ്പിച്ചു. കോൺഗ്രസ്സിനെ

നിയമവിരുദ്ധസംഘടനയായി പ്രഖ്യാപിച്ചു.

ഓരാഴ്ചക്കകം പ്രമുഖ നേതാക്കൾ എല്ലാം അറസ്റ്റിലായി. പതിനായിരങ്ങൾ തടവിലായി, നിരവധി പേർ

മരിക്കുകയും പലർക്കും പരിക്കേൽക്കുകയും ചെയ്തു.
തടവുകാരെ മോചിപ്പിക്കുകയും മർദ്ദനനയം അവസാനിപ്പിക്കുകയും ചെയ്യണം എന്നാവശ്യപ്പെട്ട് ഗാന്ധിജി

തടവിൽ നിരാഹാരം അരംഭിച്ചു. ഫെബ്രുവരി 10-ന് ആരംഭിച്ച ഉപവാസം മാർച്ച് 3 വരെ നീണ്ടിട്ടും സർക്കാർ

അനങ്ങിയില്ല. ഗാന്ധിജിയോടൊപ്പം തടവിലായിരുന്ന കസ്തൂർബാ അവിടെ വച്ച് 1944 ഫെബ്രുവരി 22-ന്

അന്തരിച്ചു. എന്നാൽ ആരോഗ്യസ്ഥിതി മോശമായതിനെ തുടർന്ന് മേയ് 6-ന് മാത്രമാണ് ഗാന്ധിജിയെ

മോചിപ്പിച്ചത് . അദ്ദേഹത്തിന്റെ അവസാനത്തെ ജയിൽവാസമായിരുന്നു അത് . ഇന്ത്യൻ തടവിൽ 2089

ദിവസവും (അഞ്ചു വർഷത്തിനു മേൽ) ദക്ഷിണാഫ്രിക്കയിൽ 249 ദിവസവും ഗാന്ധിജി

കഴിഞ്ഞിട്ടുണ്ട്.ഇന്ത്യയിലെ രാഷ്ട്രീയപ്രതിസന്ധി പരിഹരിക്കുന്നതിൻ അന്നത്തെ വൈസ്രോയി വേവൽ പ്രഭു ബ്രിട്ടിഷ്
സർക്കാരിന്റെ അനുമതിയോടെ പ്രഖ്യാപിച്ച പദ്ധതിയെത്തുടർന്ന് തടവിൽ

കഴിഞ്ഞിരുന്നവരെ 1945-ൽ

മോചിപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യം ഏതാണ്ട് സുതാര്യമായിത്തുടങ്ങിയിരുന്നു. എന്നാൽ മുഹമ്മദ് അലി
ജിന്നയുടെ നേതൃത്വത്തിൽ ഒരു വിഭാഗം മുസ്ലീംങ്ങൾക്കായി പാകിസ്താൻ എന്ന പേരിൽ പ്രത്യേക രാഷ്ട്രം
വേണമെന്ന് ശഠിച്ചു [ അവലംബം ആവശ്യമാണ് ] . ഹിന്ദുക്കളും മുസ്ളീംങ്ങളും സ്വതന്ത്ര ഭാരതത്തിൽ
സമാധാനത്തോടെ സഹവസിക്കണം എന്നാഗ്രഹിച്ച ഗാന്ധിജി ഭാരതത്തിന്റെ
വിഭജനത്തെ എതിർത്തു.
പുതിയപദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യാൻ വൈസ്രോയി സിംലയിൽ സർവ്വ കക്ഷിയോഗം വിളിച്ചു
കൂട്ടിയപ്പോൾ നിരീക്ഷകനായി ഗാന്ധിജിയും പങ്കെടുത്തു. വിഭജനവാദത്തിൽ ഉറച്ച ജിന്നയുടെ നിലപാടു
കാരണം ചർച്ച പരാജയപ്പെട്ടതായി വൈസ്രോയി പ്രഖ്യാപിച്ചു. ഇടക്കാല സർക്കാർ രൂപവത്കരണത്തിൽ
ചേരേണ്ടതില്ല എന്ന് മുസ്ലീം ലീഗും ജിന്നയും തീരുമാനിച്ചു. അവർ 1946 ഓഗസ്റ്റ് 16-ന് പ്രത്യക്ഷമായ
സമരപരിപാടികൾ ആരംഭിച്ചു. കൊൽക്കത്തയിൽ സമരത്തിനിടെ അയ്യായിരത്തോളം
പേർ കൊല്ലപ്പെട്ടു.
15,000-ത്തോളം പേർക്ക് പരിക്കേറ്റു. ജിന്ന പിന്നീട് താൽക്കാലിക സർക്കാരിലേയ്ക്ക് നാലു പേരെ
നാമനിർദ്ദേശം ചെയ്തു.
വർഗ്ഗിയ ലഹള അപ്പോഴേക്കും പടർന്നു പിടിച്ചിരുന്നു. കിഴക്കൻ ബംഗാളിലെ നോഖാലിയിലും തിയ്യറയിലും
ലഹളകൾ രൂക്ഷമായി. ഗാന്ധിജി ശാന്തി സന്ദേശവുമായി 49 ഗ്രാമങ്ങളിലൂടെ
നഗ്നപാദനായി സഞ്ചരിച്ചു.
തുടർന്ന് ബീഹാറിലെത്തി. അവിടെയും അദ്ദേഹം ശാന്തി സന്ദേശം പ്രചരിപ്പിച്ചു. വിഭജനത്തോടെ ഇന്ത്യ
1947 ഓഗസ്റ്റ് 15-ന് സ്വതന്ത്ര്യയായി.

RINSHAD KP

# ആത്മരഹസ്യം

ആ രാവിൽ നിന്നോട് ഞാൻ ഓതിയ രഹസ്യങ്ങൾ , ആരോടും അരുളരുതോമലെ നീ

താരകാകീര്ന്നമായ നീലാംബരത്തിലന്നു , ശാരദ ശശിലേഖ സമുന്നാസികെ

തുള്ളിയുലഞ്ഞുയർന്നു തള്ളി വരുന്ന , മൃദു വെള്ളി വലാഹകൾ നിരന്നു നിൽക്കെ

നർത്തന നിരതകൾ പുഷ്പിത ലതികകൾ , നൽ തളിർകളാൽ നമ്മെ തഴുകിടവേ

ആലോല പരിമള ദോരനിയിങ്കൽ മുങ്ങി , മാലെയായനിലൻ മന്ദം അലഞ്ഞു പോകെ

നാണിച്ചു നാണിചെന്റെ മാറത്തു തല ചായ്ച്ചു , പ്രാണ നായികേ നീ എൻ അരികിൽ നിൽക്കെ

രോമാഞ്ചമിളകും നിൻ ഹേമാംഗംഗം തോരും , മാമക കര പുടം വിഹരിക്കവേ

പുഞ്ചിരി പൊടിഞ്ഞ നിൻ ചെന്ചോടി തളിരിൽ എൻ ,ചുംബനം ഇടക്കിടക്കമർന്നിടാവേ

നാം ഇരുവരും ഒരു നീല ശിലാ തലത്തിൽ , നാഗ നിർവൃതി നേടി പരിലസിക്കെ

ആ രാവിൽ നിന്നോട് ഞാൻ ഓതിയ രഹസ്യങ്ങൾ , ആരോടും അരുലരുതോമാലെ

വേദന സഹിക്കാത്ത രോദനം തുളുംബീടും, മാമക ഹൃദയത്തിൻ ക്ഷതങ്ങൾ തോറും

ആദര സമന്വിതം ആരും അറിയാതൊരു, ശീതള സുഗാസവം പുരട്ടി മന്ദം

നീ എന്നെ തഴുകവേ ഞാൻ ഒരു ഗാനമായ്, നീലംബരത്തോളം ഉയർന്നു പോയ്

സങ്കല്പ സുഗത്തിനും മീതെയായ് മിന്നും, ദിവ്യ മംഗള സ്വപ്നമേ നിൻ അരികിൽ എത്താൻ

യാതൊരു കഴിവുമില്ലാതെ ഞാൻ എത്ര കാലം, ആതുര ഹൃദയനായ് ഉഴാനിരുന്നു

കൂരിരുൾ നിരന്ജോരെൻ ജീവിതം പൊട്ടുന്നനെ, തരകാവൃതമായ് ചമഞ്ഞ നേരം
ആ വെളിച്ചത്തിൽ നിന്നെ കണ്ടു ഞാൻ

ദിവ്യമാം ഒരനന്ദ രശ്മിയായ് എന്നരികിൽ തന്നെ
മായാത്ത കാന്തി വീശും, മംഗള കിരണമേ, നീ ഒരു നിഴലാണെന്ന് ആരു ചൊല്ലി
അല്ലലിലെ വെളിച്ചമേ നിന്നെ ഞാൻ അറിഞ്ഞതില്ല, അല്ലലിൽ മൂടി നിൽക്കും ആനന്ദമേ

യാതൊന്നും മറയ്ക്കാതെ
നിന്നോട് സമസ്തവും ഒതുവാൻ കൊതിച്ചു, നിന്നരികിൽ എത്തി .
കണ്ണുനീർ കണികകൾ വീണു നനഞ്ഞതാം നിൻ, പോന്നാല കവിൾ കൂമ്പ് ഉടച്ചു മന്ദം

By RIFAN

# ഉയരത്തിലേക്ക്


തോൽവിയെനിക്കൊരു ശീലമായെ
ന്നാൽ കൈവിട്ട പോയോ
ജയമെന്ന കരുതി തേങ്ങിയതില്ല
ഞാൻ പിന്മാറിയില്ല
അടിവെച്ചടിവെച്ച് കയറാനൊരേണി
യായ് തോൽവിതൻ പടി
കൾ മെനഞ്ഞുതീർത്തു
വീണ്ടും പരാജയമെന്നെ
കൈകൊൾകയാൽ ഏണിതൻ
ഉയരം വർധിക്കയാൽ
എളുപ്പമായെനിക്കെത്തിപ്പിടി
ക്കാൻ വിജയത്തിലോളം
പരാജയത്തിൻ നിരാശകളെന്നിൽ
വാശിയായ് പിന്നെ തീ ജ്വാലകളായ്
ആവേശമായൊരാഹ്ലാദമായ് പാഞ്ഞുകേറി
ഞാനേണിപടികളിൽ ആകാശ
ത്തോളമുയരത്തിലേക്ക്
അവിടെ ഞാൻ കണ്ടു വിജയമെന്നെ
സന്തോഷപൂർവ്വം കാത്തിരിപ്പൂ



shutterstock.com • 258025121

രഹന

# പുസ്തകം വായിക്കുന്നതിന്റെ പ്രാധാന്യം



അറിവിന്റെയും ജ്ഞാനത്തിന്റെയും ഒരു ശേഖരമാണ് പുസ്തകം. പുസ്തകങ്ങളെ എന്റെ ചങ്ങാതിമാരാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ഞങ്ങൾക്ക് ധാരാളം വിവരങ്ങൾ നൽകുന്നു. നല്ലത് എന്താണെന്നും മോശമായത് എന്താണെന്നും അവർ ഞങ്ങളോട് പറയുന്നു, നല്ല പുസ്തകങ്ങളാണ് ഞങ്ങളുടെ ഏറ്റവും നല്ല സുഹൃത്തുക്കൾ.

പുസ്തകങ്ങൾ വായിക്കുന്നതിൽ നാം താൽപര്യം വളർത്തണം. ഈ ഗുണം നമ്മുടെ കുട്ടിക്കാലം മുതൽ തന്നെ വികസിപ്പിക്കണം. നമ്മൾ ഇപ്പോൾ ആരംഭിക്കുകയാണെങ്കിൽ ......
ഇത് ഭാവിക്ക് വളരെ സഹായകരമാകും. നമുക്ക് അറിവും നല്ല സ്വഭാവവും ഉണ്ടെങ്കിൽ, എല്ലാവരും നമ്മെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. നല്ല പുസ്തകങ്ങൾ വായിക്കുന്നത് ജീവിതത്തിൽ വിജയിക്കാൻ ഞങ്ങളെ സഹായിക്കുന്നു. വായന ഒരു മനുഷ്യനെ പൂർണനാക്കുന്നു. ചരിത്രത്തിലെ മികച്ച പുരുഷന്മാരെയും സ്ത്രീകളെയും നോക്കുക. അവരിൽ ഭൂരിഭാഗത്തിനും പുസ്തകങ്ങളോട് വലിയ സ്‌നേഹമുണ്ടായിരുന്നുവെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. അതിനാൽ വായന ജീവിതത്തിൽ വലിയ പങ്കുവഹിക്കുന്നുവെന്നത് ഒരു വസ്തുതയാണ്.

കദീജ നഹ. കെ

IX. M

# സമാധാനം



ലോകം അലയുകയായ്
ശാന്തി തേടി
ഭൂമി ദേവി കേഴുകയായ്
സമാധാനത്തിനു വേണ്ടി
പാരിന്റെ നാനാഭാഗങ്ങളിൽ
നിന്നുയരുകയായ് രോദനങ്ങൾ
കാറ്റിൽ പ്രതിധ്വനിക്കുന്നു
നിലവിളികൾ
കളകളമൊഴുകുന്ന നദികളിൽ
കലരുന്നു രക്തത്തുള്ളികൾ
ശ്വസിക്കുന്ന വായുവിലുമുണ്ട്
അസഹിഷ്ണുതയുടെ അംശം
ആർദ്രത വറ്റിയ മനസുകൾ
പെരുകുമ്പോൾ
വെള്ളരിപ്രാവുകൾ മനസിന്റെ
കൂട്ടിൽ നിന്ന് പറന്നകലുമ്പോൾ
ലോകമേ ...... നീ എങ്ങോട്ട് ?

NUDHA

# അവൻ എന്നെ മരണത്തിൽ നിന്ന് രക്ഷിച്ചു

എന്നെ അല്ലെങ്കിൽ എന്റെ ജീവിതത്തെ ആരും തടസ്സപ്പെടുത്തിയിട്ടില്ല .എനിക്ക് അനുയോജ്യമായ ഒന്നും ചെയ്യാൻ ഞാൻ അപ്രാപ്തനായിരുന്നു .എന്റെ ജീവിതം ശരിക്കും സങ്കീർണ്ണമല്ലാത്ത ഒന്നായിരുന്നു.

തമോദ്വാരങ്ങളും ഇരുണ്ട കാര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ ആരും ശ്രദ്ധിച്ചില്ല. എന്റെ അമ്മ ഒരു അഭിനേതാവായിരുന്നു, അതിനാൽ സമൂഹം എന്നെ ശൂന്യമായ ഒരു ഭാവിയിലേക്ക് കൊണ്ടുപോകുന്നു. എന്റെ മുന്നിലുള്ള ഏക പ്രതീക്ഷ മരണം മാത്രമാണ് .ഞാൻ അൽപ്പം ഭയപ്പെടുന്നു.



ഓരോ ദിവസവും ഞാൻ മരിക്കാൻ തീരുമാനിച്ചു. പക്ഷേ എന്റെ ഭയം എന്നെ പാലത്തിൽ നിന്ന് പിന്നോട്ട് തള്ളിയിട്ടു, ഒപ്പം മരിക്കാനും എനിക്ക് കഴിയുന്നില്ല

ഇന്ന് എല്ലാ ദിവസവും ഒരു പതിവായിരുന്നു. ആളുകൾ പണത്തിനായി ഓടുന്ന തിരക്കിലായിരുന്നു. എന്റെ ജീവിതത്തെക്കുറിച്ച് ചിന്തിച്ച് ഞാൻ മൂലയിൽ ഇരിക്കുകയായിരുന്നു. എന്റെ കണ്ണുകളിൽ നിന്ന് കണ്ണുനീർ വീണു, പക്ഷേ ആ ചൂടുള്ള കണ്ണുനീർ ആരും ശ്രദ്ധിച്ചില്ല. ഞാൻ ക്ലോക്കിന്റെ സൂചി വളച്ചൊടിച്ചില്ല. ഇരുട്ട് എന്റെ ശരീരത്തെ മൂടി. കറുപ്പിൽ നിന്ന് വീഴുന്നിടത്ത് നനഞ്ഞ തുള്ളികൾ. മരിക്കാനായി ഞാൻ പാലത്തിലേക്ക് നടക്കുകയായിരുന്നു.

എന്റെ ഓരോ ചുവടും എന്റെ അവസാന ശ്വാസത്തെ കണക്കാക്കി, ഓരോ തുള്ളിയും എന്റെ വർത്തമാനത്തിന് വിടവാങ്ങി. ഒടുവിൽ ഞാൻ മരിക്കുന്നു. ഞാൻ

കണ്ണുകൾ അടയ്ക്കുമ്പോൾ തുള്ളി എന്റെ മേൽ വീഴുന്നത് നിർത്തി. ഒരു കാറ്റ് എന്നെ സ്പർശിക്കുമ്പോൾ ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ എന്റെ ജീവിതത്തിലേക്ക് ഉറ്റുനോക്കുന്ന മനോഹരമായ ഒരു മുഖം കണ്ടു. ഒരിക്കലും അവസാനിക്കാത്ത ഒരു സ്വപ്നം പോലെ എനിക്ക് അത് അനുഭവപ്പെട്ടു. പക്ഷെ അത് ഒന്നായിരുന്നില്ല. വസ്ത്രത്തിൽ സുന്ദരനായ അദ്ദേഹം കയ്യിൽ ഒരു കറുത്ത കുട ചുമന്നു. ഞാൻ അവന്റെ നീലക്കണ്ണുകളിലേക്ക് ഉറ്റുനോക്കുകയായിരുന്നു. അവന്റെ മൃദുവായ വിരലുകൾ എന്റെ സ്പർശിച്ചു, കുട എനിക്ക് തന്നു, എന്നിട്ട് "ഒരിക്കലും കൈവിട്ടില്ല" എന്ന് പറഞ്ഞു, ആ വാക്കുകൾ എന്റെ ഹൃദയത്തിൽ എഴുതി. അവനിൽ എന്റേത് പോലെ ഹൃദയമിടിപ്പിന്റെ ഒരു താളം ഞാൻ കേട്ടു. പെട്ടെന്ന് അവൻ ഒരു ഇടിമുഴക്കമായി എന്നെ വിട്ടുപോയി, പക്ഷേ അവന്റെ മുഖം ഒരു മിന്നലായി എന്നെ പിന്തുടരുന്നു

ഒന്നര വർഷത്തിനുശേഷം എനിക്ക് അദ്ദേഹത്തെയോ അവന്റെ താളത്തെയോ കണ്ടെത്താൻ കഴിഞ്ഞില്ല. അതൊരു അത്ഭുതമാണെന്ന് ഞാൻ മിക്കവാറും വിശ്വസിച്ചു. മൃദുവായ വിരലുകൾ എന്നെ മരണത്തിൽ നിന്ന് രക്ഷിച്ചു.

ഞാൻ എന്റെ അഭിനിവേശം പിന്തുടർന്നു, ഞാൻ ഒരിക്കലും എന്റെ ജീവിതം ഉപേക്ഷിച്ചില്ല. 'അവൻ എന്നെ മരണത്തിൽ നിന്ന് രക്ഷിച്ചു' എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു, അത് വെറും സ്വപ്നമായിരുന്നു. അവനുവേണ്ടി ബിന്നിലെ എല്ലാ 'എന്നെ വിവാഹം കഴിക്കുക' കത്തുകളും ഞാൻ നിരസിച്ചു. ആ ഭയാനകമായ മരണത്തിൽ നിന്ന് എന്നെ രക്ഷിച്ചവനെ എനിക്ക് ആവശ്യമുണ്ട്.

NIYA SHAFRIN

# ഉണ്ണി

കരഞ്ഞുകൊണ്ടും കരയിപ്പിച്ചുകൊണ്ടും ഇടവപ്പാതി കടന്നുപോവുകയാണ്. ജോലികഴിഞ്ഞ് വരുന്ന അമ്മയെയുംകാത്ത് പടിമേലിരുന്നപ്പോൾ മഴ തേങ്ങലായ് മാറിയിരുന്നു. എന്നും സന്ധ്യക്ക് മുൻപെത്തുന്ന അമ്മ ഇന്ന് സന്ധ്യയായിട്ടും വീട്ടിൽ എത്തിയില്ല. ഉണ്ണിയുടെ ഉള്ളം കലങ്ങി. തേങ്ങിക്കൊണ്ട് അമ്മൂമ്മയുടെ മടിയിലിരുന്നാണ് അവൻ ഉറങ്ങിയത്.

കുട പൂട്ടിവച്ച് ഉമ്മറത്ത് കയറിയപ്പോൾ അനക്കമില്ല. അമ്മൂമ്മയുടെ മടിയിൽ കണ്ണീരൊലിപ്പിച്ച് ഉറങ്ങുന്ന ഉണ്ണിയെയാണ് കണ്ടത്. ആ നിമിഷം മനം എന്തെന്നില്ലാതെ വെമ്പൽ കൊണ്ടു. കോടതി വിധി എന്താകുമെന്നൊരു നിശ്ചയവു മില്ല. ഇവനെ നഷ്ടപ്പെട്ടാൽ ജീവിതത്തിനൊരർത്ഥവുമില്ലാതാവും. ഇനിയും ഉറങ്ങാത്ത നിശയും ഉണരാത്ത രാവിനെയും ഓർത്ത് അവർ നെടുവീർപ്പിട്ടു.

(തുടരും.)



താഹിറ മെഹറിൻ.IX

# ഞാൻ

കാടിൻ നടുവിലൊരു കുഞ്ഞിക്കാറ്റായ്
ഒരിളം സൂര്യരശ്മിപോലെന്നെ
ജീവിത രഹസ്യം തേടാൻ പ്രാപ്തമാക്കിയ
സ്നേപത്തിൻ പാനപാത്രം
തേടുന്നെൻ കണ്ണുകളെന്നും
പ്രക്ഷുബ്ധമാം കടലലകളിൽ
ഒഴുകിയെന്നെങ്കിലും
ഞാനെൻ സ്നേഹതീരമണയുമോ
നടവമ്പുകളെത്രയോ താണ്ടിട്ടും
എങ്ങുമിതുവരേക്കുമെത്തീല്ല ഞാന്

യാസീൻ.കെ



# ഗാന്ധിജി തെളിയിച്ച വഴി

നമുക്ക് സ്വാതന്ത്ര്യം ലഭിയ്ക്കുന്നതിന്ന് വഴികാണിച്ചുതന്ന,ശക്തമായ ബ്രിട്ടീഷ് സാമ്രാജ്യത്തെ തന്റെ അഹിംസാമന്ത്രം കൊണ്ട് എങ്ങിനെ മെരുക്കാമെന്ന് പഠിപ്പിച്ച ,രാഷ്ട്രപിതാവിനെ ഭാരതം മറന്നു മാത്രമല്ല, നമ്മുടെ കൂട്ടത്തിൽ ബുദ്ധികെട്ട ഒരു ഹിന്ദുമതഭ്രാന്തൻ പ്രാർത്ഥനയ്ക്ക് പോകുമ്പോൾ നിരായുധനായ ആ ഫക്കീറിനെ വെടി വെച്ചുകൊന്ന് തന്റെ വീരശൂര പരാക്രമം പ്രദർശിപ്പിയ്ക്കുകയും ചെയ്തു. ആ നന്ദികേടിൽനിന്ന്, ആ മഹാപാപത്തിൽനിന്ന്, നമുക്ക് എന്നെങ്കിലും മോചനം കിട്ടുമോ എന്നറിഞ്ഞുകൂടാ. നമ്മുടെ വിദ്യാഭ്യാസ പരിപാടി ഗാന്ധിജിയ്ക്ക് വലിയ സ്ഥാനമൊന്നും അനുവദിച്ചിട്ടില്ല.

എന്നാൽ കാലക്രമത്തിൽ പരിഷ്കൃത ലോകം മുഴുവൻ മഹാത്മജിയുടെ മഹത്വം അംഗീകരിച്ചുവരികയാണ് ആഫ്രിക്കയിലും അമേരിക്കയിലും കറുത്ത വർഗ്ഗക്കാരുടെ സ്വാതന്ത്ര്യത്തിന് വേണ്ടി പടപൊരുതിയ നേതാക്കൾ, നെൽസൺ മണ്ടേല, മാർട്ടിൻ ലൂതർകിങ് മുതലായവർ ആ മഹാത്മാവിനെയാണ് മാതൃകയാക്കിയത്. അവർ അഹിംസാമാർഗ്ഗം വിജയകരമായി പ്രയോഗിച്ച് ലക്ഷ്യം നേടുകയും ചെയ്തു. പഴയ സോവിയറ്റ് യൂണിയനിൽ അവസാനത്തെ നേതാവായിരുന്ന ഗോർബച്ചേവ് പോലും ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മനുഷ്യവർഗ്ഗം അഹിംസയിലേയ്ക്ക് തിരിയേണ്ടിവരുമെന്ന് "പെരിസ്ട്രായിക്ക" എന്ന ഗ്രന്ഥത്തിലൂടെ ഹിംസാവാദികളോട് ആഹ്വാനം ചെയ്തു.

ഗാന്ധിവധത്തിൽ ആഹ്ലാദിച്ച് അതിനെ ന്യായീകരിക്കാൻ അന്ന് മുന്നോട്ടുവന്ന പല കക്ഷികളും ഇന്ന് അദ്ദേഹത്തെ മാനിക്കാൻ വേണ്ടി മറ്റുള്ളവരോട് മത്സരിക്കുന്നു. മുസ്ലീങ്ങളെ സഹോദരങ്ങളായി അംഗീരിക്കണമെന്ന് ആവശ്യപ്പെട്ടതിന് ഗാന്ധിജിയെ കുറ്റപ്പെടുത്തിയ കൂട്ടർ ഇന്ന് മുസ്ലീങ്ങളടക്കം, പഴയ അക്രമ ജാതികളടക്കം,

ആദിവാസികൾ അടക്കം എല്ലാവർക്കും നീതി ലഭിക്കാൻ വേണ്ടി പ്രയത്നിയ്ക്കാൻ തയ്യാറായിരിക്കുന്നു.

ഗൗമബുദ്ധനും യേശുക്രിസ്തുവും തുല്യനായ ദൈവിക പുരുഷനായി ലോകം ഗാന്ധിജിയെ അംഗീകരിക്കുന്നു. നമ്മൾ അദ്ദേഹത്തിന്റെ പ്രതിമകൾ പൂമാലയിട്ട് പൂജിച്ചാൽ പോരാ, അദേഹത്തിന്റെ "എന്റെ ജീവിതമാണെന്റെ സന്ദേശം " എന്ന് ധൈര്യമായി പ്രഖ്യാപിച്ചയാളാണ് ഗാന്ധിജി. "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്ന ഗാന്ധിജിയുടെ ആത്മകഥ എല്ലാ കുട്ടികളും വായിച്ചു മനസ്സിലാക്കേണ്ടതാണ്. ഓരോ പരീക്ഷണത്തിലും അദേഹത്തിന്റെ ഓർമ്മ നമുക്ക് ധാർമ്മികാവകാശം പകരും.

അധർമ്മത്തിന് കീഴടങ്ങാതെ സഹനത്തിലൂടെ, ക്ഷമയിലൂടെ, പ്രാർ ത്ഥനയിലൂടെ, സഹജീവിസ്നേഹത്തിലൂടെ പ്രകൃതി, സംരക്ഷണത്തിലൂടെ, ദൈവത്തിന്റെ ഇച്ഛയ്ക്കൊത്ത് ജീവിയ്ക്കുവാൻ ഗാന്ധിജി നമ്മെ പഠിപ്പിച്ചു. അന്യരെ വെറുക്കാതെ സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് വിനയത്തോടെ ജീവിക്കുവാൻ അദ്ദേഹം വഴികാണിച്ചു. സ്വാർത്ഥത്തിന്റെയും കാപട്യത്തിന്റെ കാപട്യത്തിന്റെയും മേലുള്ളവിജയമാണ് ഏറ്റവും മഹത്തായ വിജയമെന്നും അതാണ് നമുക്ക് സമാധാനവും ഐശ്വര്യവും ലഭിയ്ക്കുവാൻ ഏറ്റവും നല്ല വഴിയെന്നും ഗാന്ധിജി തെളിയിച്ചുതന്നു

മനുരാജ്. ടി. പി



# ഓർമതൻ ചെപ്പിൽ

ഓർമതൻ ചെപ്പിൽ എന്നോ കുറിച്ചിട്ട
ബാല്യമെന്നുള്ളിൽ പീലിനീർത്തുന്നു
അമ്മതൻ കൈവിരൽ തിമ്പ് പിടിച്ച്
നാവിലാദ്യക്ഷരം കുറിച്ചൊരാ നിമിഷം
വിദ്യാലയത്തിൻ പടിവാദിലിലെത്തി ഞാൻ
വിദ്യതൻ മുറ്റത്താദ്യമായ് ഞാൻ
എൻ കുസൃതികൾ കണ്ടിട്ടും
കാണാതെയെന്നപോലെല്ലാരും ഒത്തുനിന്നു
കാതുകളിൽ ഈണമായ്
സ്നേഹസൗഹാർദ്ദ
മാറ്റൊലികൾ മാത്രം തീർത്തക്കാലം
കളിക്കൂട്ടുകാർ നൽകി സ്നേഹ
സമ്പന്നമായൊരാ വസന്തക്കാലം
മത്സരിച്ചന്നു പെറുക്കി ഞങ്ങൾ
വളപ്പൊട്ട് മഞ്ചാടി എന്നിങ്ങനെ
ഇനിയൊരു ജന്മം നൽകീടണേ
ആ ബാല്യമൊന്നുകൂടി വാരി പുണരാൻ


Download from
Dreamstime.com

# നിലാവ്

ഇരുട്ട് പതുക്കെ പതുക്കെ കാൽ വെച്ചു
നിലാവെളിച്ചം വരാറായി
ഒരിരുട്ടറ,
പകൽവെളിച്ചം മാഞ്ഞുപോയി
സൂര്യൻ അസ്തമിക്കാറായി...

എന്തൊരു ഭംഗിയാണാ ചന്ദ്രനെ
കാണുവാൻ...
എന്നോടൊപ്പം എപ്പോഴും ഉണ്ടാകുന്ന
എൻ ചന്ദ്രൻ.
എന്നിലെ ഇരുട്ടിനെ വെളിച്ചമാക്കിത്തന്ന
നിലാവ്...



- ലുലു .കെ

IX O

# പ്രളയം തന്ന പാഠം




ഭൂമിതൻ രാജനെന്ന മട്ടിൽ
അഹങ്കരിച്ചു നടന്നു മാനുജർ
ദൈവമെന്ന ശക്തിയെ പോലും
വെല്ലുവിളിച്ചു ആ അഹങ്കാരികൾ
പുഴകളെ മാന്തിക്കീറി മലകളിൽ
തുരന്നു കയറി
നശിപ്പിച്ചു പ്രകൃതിയാം അമ്മയെ അവർ

ഒരു ദിനം പ്രകൃതി ക്രോധാകുലനായി
തിരിച്ചടിക്കുമെന്നവർ നിനച്ചതെയില്ല
പ്രകൃതിതൻ കാമുകനാം മഴയിറങ്ങി
പ്രതികാരരൂപേണ പെയ്തിറങ്ങി
വീടും കുടികളും പറമ്പുകളും
ക്ഷണഭംഗുരമാണെന്നറിഞ്ഞില്ലവർ

കൊന്നും കവർന്നും കെട്ടിപ്പൊക്കിയ
മാളികകളാകെ തകർന്നടിഞ്ഞു
ക്രൂരരാം ചിലരുടെ കർമഫലം
അസ്ഥിരമാക്കി ദരിദ്രർതൻ ജീവിതം

*നിസ്സഹായനാം മർത്യന് കണ്ണീർ*

*ഒഴുകുവാനല്ലാതെ തടുക്കുവാൻ പോലും*

*കഴിഞ്ഞില്ല*

*ആർത്തുവിളിച്ചവർ നെഞ്ചത്തടിച്ചവർ*

*ഒരായുസ്സിൻ നഷ്ടം കണ്ടുനിൽക്കേ*

*ഇനി ധൈര്യപ്പെടില്ല ഒരിക്കലും ഒരുത്തനും*

*പോറ്റിവളർത്തിയ മണ്ണിനെ പിച്ചിച്ചീന്തുവാൻ....*

-*ഹാമിദ ജാസ്മീൻ*

*IX O*



# നിൻ മുഖം

ഒരു മെഴുതിരിയുടെ വെളിച്ചത്തിൽ
എന്റ സ്വപ്ങ്ങൾക്കു മോടിയേകുവാൻ
നീ തെളിയിച്ച ദീപങ്ങൾ എൻ
മനസ്സിൽ തെളിയുമ്പോൾ .....
ഒരിക്കലും മായാതെ നിൻ മുഖം
എന്നുള്ളിൽ മിന്നി മറയുന്നു...
വീണ്ടും എനിക്കായി ദീപങ്ങൾ
നീ തെളിയിക്കുമ്പോൾ .....
ആ ദീപങ്ങങ്ങൾക്കു സാക്ഷിയാകാൻ
അങ്ങ് കണ്ണെത്താ ദൂരത്തു ഞാനും....

BY

HAMDAN





# മഴ

പ്രകൃതിയുടെ വരദാനമാണ് മഴ

പ്രകൃതിയുടെ ജീവനാണ് മഴ

പ്രകൃതിയുടെ ആത്മാവാണ് മഴ

പ്രകൃതിയുടെ ജലധാരമാണ് മഴ

- ഫിനാസ് . എൻ.കെ

# ബാല്യം

ഓർമ്മകൾക്കു എന്ത് ബാല്യം എന്ന് ഞാൻ
നിനച്ചുപോയ്യി കാലമിത്രയും കഴിഞ്ഞിടവെ
സന്ധ്യ മായും നേരം പകലിനോടു
അടുക്കുന്നപോൽ .......

ഓർമ്മതൻ പൂക്കാലം മനസ്സിൽ നിന്ന് മായുമ്പോൾ
പൂക്കൾതൻ സുഗന്ധം മായാതെ.......
വീണ്ടും തിരുമുറ്റത്തെത്തുമ്പോൾ ....
ഉണ്ണി കാലടികൾ പിച്ചനടന്നൊരാമണ്ണിനേയും
പിച്ചവച്ച നാളത്രയും അമ്മതൻ കൈപ്പിടിച്ചു

ഓരോ ദിനങ്ങളും പിന്നിട്ടതറിയാതെ
ഓർത്ത് നിൽപ്പൂ ഞാൻ.....
ഒരിക്കലും വാറ്റാത്ത അമ്മതൻ സ്നേഹവും
ഓർമയിലെ വേദനയിൽ ഇന്നും

FAVAS




## ചങ്ങലയിൽ

*ഹിന്ദുക്കളായിരുന്നവരെ*
*അഹിന്ദുക്കളാക്കിയത്*
*ചാതുർവർണ്യത്തിന്റെ*
*പ്രഹരത്തിൽ വീണവർ.*


*തൊട്ടു തിന്നാതെയും*
*കിണറിൽ തൊടാതെയും*
*എങ്ങും കയറ്റാതെ*
*എച്ചിലിലിലുരുട്ടിയും*
*ജാതിയുടെ ഭ്രാന്തിൽ*
*അല്പം ആശ്വാസത്തിനായി.*

*ഇല്ല, വിട്ടില്ലവർ*
*അഹിന്ദുക്കളായവരിന്നും*
*ജാതിയുടെ ഭാണ്ഡം*
*ചുമന്ന പ്രത്യേകം*
*ആരാധനാലയങ്ങളിൽ*
*ആശ്വാസമില്ലാതെ*
*പഴയ ചങ്ങലയിൽ.*

*ക്രിസ്ത്യാനിലും*
*ഇസ്ലാമിലും*
*സിക്കുകാരിലും*
*നുഴഞ്ഞു കയറി*
*അവർണ്ണരുടെ*
*സവർണർ.*

*MUHAMMED FAWAS- IX C*

# വിദ്യാലയം




കാലത്തിന്റെകയ്യൊപ്പുകൾ
ആ മുറ്റത്തെന്നെത്തിച്ച
കരഞ്ഞും കൂട്ടുകൂടിയും
ഇണങ്ങിയും പിണങ്ങിയും
നടന്ന എൻ ഓർമ്മകൾ
ഒരോ ചുവടും ഒരോ കളികളും
പഠിക്കാതെ പോയ പഠിപ്പുകൾ
ഞാൻ ഓർക്കുന്ന എൻ ആദ്യ വിദ്യാലയം
മറക്കാനാകാതെ മറക്കാൻ കഴിയാത്ത
മധുരമാം ഓർമ്മകൾ
ഞാൻ ഇന്നും എൻ ഇടനെഞ്ചിലോർക്കുന്നു....
ഇല്ലത്തിൻ ഓർമ്മ ദിനങ്ങൾ കഴിഞ്ഞാൽ
ഇന്നും ഓർക്കുന്ന ദിനങ്ങളാണവ
ഞാൻ ആഗ്രഹിക്കുന്നു ഇന്നും ആ മുറ്റത്തോടന്നോടിച്ചെല്ലാൻ
.....

ദിൽഷ റഷീദ്

# അമ്മ

അമ്മയുടെ ചൂടിനപ്പുറത്ത്
മറ്റൊരു ലോകം ഇതൾ വിരിയുന്നു
ആരുമറിയാതിരിക്കട്ടെ
ഈ മരുലോകമെന്നു

കരുതുമ്പോഴും.. കൂടുതൽ
പാഴ് ജന്മങ്ങൾ
ഇവിടെ പുഴുക്കളെ പോലെ..
ആരും ആർക്കും സ്നേഹം
വിളമ്പാത്ത മറ്റൊരു മായാലോകം



-അൻഷാദ് ഷാ



# താണ്ഡവമാടുന്ന ഭൂമി

ജീവന്റെ തുടിപ്പായ ഭൂമിയെ
നീ നശിപ്പിക്കുന്നുവോ മനുഷ്യാ
ക്ഷമയുടെ അമ്മയാണവൾ
ഇന്ന് തൻ വേദന സഹിക്കാതെ
സംഹാരതാണ്ഡവമാടുന്നവൾ
കത്തിജ്വലിക്കുന്ന സൂര്യനെക്കാൾ
ദേഷ്യത്താൽ കത്തിനിൽക്കുന്നിവൾ
അവളുടെ കണ്ണീരായ പേമാരിപെയ്ത്
ഇന്നിവിടം മൂടി മഹാപ്രളയം
അതിനേക ഉത്തരം നീ തന്നെയല്ലോ
മനുഷ്യാ
എന്നെ നീ എത്ര കണ്ണീർ കുടിപ്പിച്ചു
അതിനുള്ള ശിക്ഷയീ മഹാപ്രളയം
ഇനിയെന്നെ നീ വെറുതേ വിടൂ
ഇനി ഞാൻ നൽകുന്നത് വലിയ
ശിക്ഷ

അനാമിക.വി.വി


# അമ്മ

എല്ലാം നന്നായിരിക്കുന്നു! ഈ ലോകത്ത് ഏറ്റവും സ്നേഹമുള്ള, പ്രാധാന്യമുള്ള വ്യക്തിയായ അമ്മയെ വന്ദിക്കാൻ ഞങ്ങൾ ഇവിടെയുണ്ട്. അവളെ കൂടാതെ, നമ്മിൽ ഒരാൾ ഇവിടെ ഉണ്ടായിരുന്നിരിക്കില്ല. ഞങ്ങളെ ഈ സുന്ദരമായ ലോകത്തിലേക്ക് കൊണ്ടുവരാൻ വളരെയധികം വേദനയും അദ്ധ്വാനവും എടുക്കുന്നതിന് നാം അവനോട് കടപ്പെട്ടിരിക്കുന്നു.

അഗത ക്രിസ്റ്റിയുടെ വാക്കുകളിൽ, "തൻറെ കുഞ്ഞിനോടുള്ള അമ്മയുടെ സ്നേഹം ലോകത്തിലെ മറ്റൊന്നുമല്ല. അത് ഒരു നിയമവുമില്ല, ഒരു അനീതിയും അല്ല. അതു സകലതും ഉളവാക്കുന്നു; അതു നടക്കുന്നവരൊക്കെയും തന്റെ വായ് തുറക്കുന്നു.

ഗർഭപാത്രത്തിൽ ഒരു അമ്മയ്ക്ക് സ്വന്തം കുഞ്ഞിന്മേൽ രക്തം പുരട്ടുകയും അവളുടെ കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരാൻ ധാരാളം ത്യാഗങ്ങൾ ചെയ്യുന്നു. അവൾ ഈ ഭൂമിയിൽ ഒരു ദൈവത്തിനു പകരം. ഒരു കുഞ്ഞിനുവേണ്ടി അമ്മയുടെ സ്നേഹം കവിയാൻ പാടില്ല. എല്ലാ മഹാനായ മനുഷ്യരും അത്തരമൊരു പോയിൻറിലേക്ക് എത്തണം, അവരുടെ അമ്മമാർ എല്ലായ്പ്പോഴും അവർക്കേറ്റിൽ നിന്നു നിൽക്കുകയും വയലിൽ നിന്ന് മുന്നോട്ടു നീങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്ത അമ്മമാരുടെ പിന്തുണയും ഭക്തിയും മാത്രമാണ്. പ്രണയവും ഭക്തിയുള്ള അമ്മയുമായ പുട്ടിലിബായിയുടെ ആനുകൂല്യങ്ങൾ കൊയ്തുകളഞ്ഞ ഒരാളുടെ മാതൃകയാണ് ഗാന്ധിജി.

# സൽകർമ്മങ്ങൾ



തിളങ്ങുന്ന മനോഹരമായ കാര്യങ്ങൾ
എല്ലാ രാവിലെയും രാത്രിയിലും
ഉടനീളം തിളങ്ങുന്ന കാര്യങ്ങൾ
എല്ലാവരും ചെയ്യേണ്ട കാര്യങ്ങൾ
നമ്മോടൊപ്പമുള്ള കാര്യങ്ങൾ
സന്തോഷവും ആവലാതിയും
നമ്മുടേതായിരിക്കേണ്ട കാര്യങ്ങൾ
മികച്ച സൗഹൃദം
വിലയേറിയ കാര്യങ്ങൾ
സ്വർണ്ണമോ വജ്രമോ
ഞങ്ങൾ ആഗ്രഹിക്കുന്ന കാര്യങ്ങൾ
മരണശേഷവും വഹിക്കുക
ഞങ്ങളെ എടുക്കുന്ന കാര്യങ്ങൾ
പറുദീസയിലേക്ക്
അതിനാൽ ഇവയാണ്
വളരുകയും ഉടനീളം പ്രകാശിക്കുകയും ചെയ്യുക
ഉടനീളം
ഉടനീളം ........

അമില അൻവർ


# ജി കെ

ചോദ്യം : പരിചയമുള്ള ആളിന്റെയോ, വസ്തുവിന്റെയോ രൂപം മനസ്സിൽ വരാൻ സഹായിക്കുന്ന ഭാഗം?

ഉത്തരം : വെർണിക്കിൾ ഏരിയ

ചോദ്യം : ആധുനിക ഒളിമ്പിക്സിന്റെ പിതാവ്?

ഉത്തരം : പിയറി ഡി കുബാർട്ടിൻ



പിയറി ഡി കുബാർട്ടിൻ

ചോദ്യം : ഇന്ത്യയിലെ ആദ്യത്തെ കായിക സർവ്വകലാശാല സ്ഥാപിതമായത് എവിടെ?

ഉത്തരം : മണിപ്പൂർ

ചോദ്യം : "സുഗുണ" ഏത് വിത്തിനമാണ്?

ഉത്തരം : മഞ്ഞൾ


ചോദ്യം : പേരയ്ക്കായുടെ ജന്മനാട്?

ഉത്തരം : മെക്സിക്കോ

ചോദ്യം : കരയിലെ ഏറ്റവും വലിയ മാംസഭുക്ക്?



മഞ്ഞൾ



ഹിമക്കരടി

ഉത്തരം : ഹിമക്കരടി

ചോദ്യം : "പാട്ടാബാക്കി" നാടകം രചിച്ചത് ആര്?

ഉത്തരം : കെ.ദാമോദരൻ



ചോദ്യം : സൗര പതാക ഏതു രാജ്യത്തിന്റെ ദേശീയ പതാകയാണ്?

ഉത്തരം : ജപ്പാൻ

ചോദ്യം : വനിതകൾക്ക് വോട്ടവകാശം നൽകിയ ആദ്യ രാജ്യം?

ഉത്തരം : ന്യൂസിലാന്റ്

# ഇന്ത്യയിലെ കൗതുകങ്ങൾ





-ചെസ് കളിയുടെ ഉദ്ഭവസ്ഥാനം ഇന്ത്യയാണ്. ഇന്ത്യയിൽ രാജാക്കന്മാർ കളിച്ചിരുന്ന ചതുരംഗത്തിന്റെ പുതിയ രൂപമാണിത്.




-ഇന്തോ ചൈന അതിർത്തിയിൽ ഒരു തടാകമുണ്ട്. ഇതൊരിക്കൽ വറ്റിച്ചപ്പോൾ നൂറുകണക്കിന്

അസ്ഥികൂടങ്ങളാണ് കണ്ടത്. ഇവ 1200 വർഷം പഴക്കമുള്ളവയാണെന്നു കരുതുന്നു.

-ചന്ദ്രനിൽ വെള്ളമുണ്ടെന്നു കണ്ടത്തിയ രാജ്യം ഇന്ത്യായാണ്. 2009 ൽ ഐഎസ്ആർഒ ആണ് ചന്ദ്രയാൻ-1 ദൗത്യത്തിലൂടെ ഇതു കണ്ടെത്തിയത്.






_അമേരിക്ക കഴിഞ്ഞാൽ ഇംഗ്ലീഷ് സംസാരിയ്ക്കുന്ന ഏറ്റവും കൂടുതൽ പേരുള്ളത് ഇന്ത്യയിലാണ്.





-ചൈന, അമേരിക്ക എന്നിവ കഴിഞ്ഞാൽ ഇന്ത്യൻ ആർമിയാണ് ഏറ്റവും വലുത്. വലിപ്പത്തിൽ മൂന്നാം സ്ഥാനം.

-ലോകത്തെ തന്നെ ഏറ്റവും കൂടുതൽ ഇരട്ടകളുള്ള സ്ഥലം കേരളത്തിലെ മലപ്പുറത്തെ കൊടിഞ്ഞി ഗ്രാമമാണ്.

By. ajay
Ix -L



# മാറ്റിടാം

മാറണം ഈ
മാറാപ്പുകളൊക്കെയും
മാനവരാശിക്ക്
മാന്യമായ് കഴിയണം
പിറവിയെടുത്തീ
മണ്ണിലെ ജീവിതം
പീഡനമുക്തമായ്
ഭയരഹിതമായ്
സമാധാനപൂരിതമായ്
കഴിയണം

നമുക്കീ ഭുവിൽ.......
വരുവാനില്ലിനിയൊരു
നായകനും...
നയിക്കുവാനില്ലിനിയൊരു
ഗാന്ധിയും...
നമ്മെ നാം തന്നെ
നയിച്ച് മുന്നേറണം
തകർത്തുടക്കണം
തുരുമ്പിച്ചൊരീ
വ്യവസ്ഥിതികളെ
തടുക്കണം
നമുക്കൊന്നായീ
ദുഷ്ട കർമങ്ങളെ
മാറ്റണം ഈ മണ്ണിനെ
നമുക്കും അവകാശമായ്...


AJAY.K
IX-L